**മധുരമായ കുട്ടികളേ- നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ് വികാരിയിൽ നിന്നും നിർവ്വികാരിയായി മാറുന്നതിന്, അതിനാൽ നിങ്ങളിൽ ഒരു ഭൂതവും ഉണ്ടാകരുത്.**

**ചോദ്യം-** മുഴുവൻ കല്പത്തിലും പഠിപ്പിക്കാത്ത ഏതൊരു പഠിപ്പാണ് ബാബ ഇപ്പോൾ നിങ്ങളെ പഠിപ്പിക്കുന്നത്?
**ഉത്തരം-** പുതിയ രാജധാനി സ്ഥാപിക്കുന്നതിനുള്ള പഠിപ്പ്, മനുഷ്യന് രാജപദവി പ്രാപ്തമാക്കുന്നതിനുള്ള പഠിപ്പ് ഈ സമയത്ത് പരമപിതാവ് തന്നെയാണ് പഠിപ്പിക്കുന്നത്. ഈ പഠിപ്പ് മുഴുവൻ കല്പത്തിലും മറ്റൊരു സമയത്തും പഠിപ്പിക്കില്ല. ഈ പഠിപ്പിലൂടെയാണ് സത്യയുഗീ രാജധാനി സ്ഥാപിതമാകുന്നത്.

**ഓം ശാന്തി.** ഇത് കുട്ടികൾക്ക് അറിയാവുന്നതാണ് അതായത് നമ്മൾ ആത്മാക്കളാണ്, അല്ലാതെ ശരീരമല്ല. ഇതിനെയാണ് ദേഹീ അഭിമാനി എന്നു പറയുന്നത്. മനുഷ്യർ എല്ലാവരും ദേഹാഭിമാനികളാണ്. ഇത് പാപാത്മാക്കളുടെ ലോകമാണ് അഥവാ വികാരീ ലോകമാണ്. രാവണ രാജ്യമാണ്. സത്യയുഗം കഴിഞ്ഞുപോയി. അവിടെ എല്ലാവരും നിർവ്വികാരികളായാണ് വസിച്ചത്. കുട്ടികൾക്ക് അറിയാം- നമ്മൾ തന്നെയായിരുന്നു പവിത്ര ദേവീ ദേവതകൾ, പിന്നീട് 84 ജന്മങ്ങൾക്ക് ശേഷം പതിതമായി മാറിയതാണ്. എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല. ഭാരതവാസികൾ തന്നെയാണ് ദേവീ ദേവതകൾ, ഇവർ തന്നെയാണ് 82, 83, 84 ജന്മങ്ങൾ എടുത്തത്. അവർ തന്നെയാണ് പതിതമായത്. അവിനാശീ ഖണ്ഡം എന്ന് ഭാരതത്തിന് തന്നെയാണ് മഹിമയുള്ളത്. എപ്പോഴാണോ ഭാരതത്തിൽ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ ഇതിനെ പുതിയ ലോകം, പുതിയ ഭാരതം എന്ന് വിളിച്ചിരുന്നു. ഇപ്പോൾ പഴയ ലോകമാണ്, പഴയ ഭാരതമാണ്. അവർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു, ഒരു വികാരവും ഉണ്ടായിരുന്നില്ല. ആ ദേവതകൾ തന്നെയാണ് 84 ജന്മങ്ങൾ എടുത്ത് ഇപ്പോൾ പതിതമായി മാറിയത്. കാമത്തിന്റെ ഭൂതം, ക്രോധത്തിന്റെ ഭൂതം, ലോഭത്തിന്റെ ഭൂതം- ഇതെല്ലാം കടുത്ത ഭൂതങ്ങളാണ്. ഇതിൽ മുഖ്യമായത് ദേഹാഭിമാനത്തിന്റെ ഭൂതമാണ്. രാവണന്റെ രാജ്യമല്ലേ. എപ്പോൾ ഈ 5 വികാരങ്ങൾ മനുഷ്യന്റെയുള്ളിൽ പ്രവേശിക്കുന്നുവോ അപ്പോൾ ഈ രാവണനാണ് ഭാരതത്തിന്റെ അരകല്പത്തിലെ ശത്രു. ഈ ദേവതകളുടെയുള്ളിൽ ഈ ഭൂതങ്ങൾ ഉണ്ടായിരുന്നില്ല. പിന്നീട് പുനർജന്മങ്ങൾ എടുത്തെടുത്ത് ഇവരുടെ ആത്മാവും വികാരങ്ങളിലേയ്ക്ക് വന്നു. നിങ്ങൾക്ക് അറിയാം നമ്മൾ എപ്പോൾ ദേവീ ദേവതകളായിരുന്നുവോ അപ്പോൾ വികാരത്തിന്റെ ഒരു ഭൂതവും ഉണ്ടായിരുന്നില്ല. സത്യ ത്രേതായുഗങ്ങളെയാണ് രാമരാജ്യം എന്നു പറയുന്നത്, ദ്വാപര കലിയുഗങ്ങളെ രാവണ രാജ്യം എന്നാണ് പറയുന്നത്. ഇവിടെ ഓരോ നരനിലും നാരിയിലും 5 വികാരങ്ങളുണ്ട്. ദ്വാപരം മുതൽ കലിയുഗം വരെ 5 വികാരങ്ങൾ ഉണ്ടാകും. ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിൽ ഇരിക്കുകയാണ്. പരിധിയില്ലാത്ത ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുകയാണ് വികാരിയിൽ നിന്നും നിർവ്വികാരിയായി മാറുന്നതിനായി. നിർവ്വികാരിയായി മാറിയിട്ട് പിന്നീട് അഥവാ ആരെങ്കിലും വികാരത്തിൽ വീണുപോയാൽ ബാബ എഴുതും നിങ്ങൾ മുഖം കറുപ്പിച്ചിരിക്കുന്നു, ഇപ്പോൾ മുഖത്തെ വെളുത്തതാക്കുക എന്നത് ബുദ്ധിമുട്ടാണ്. 5 നിലകെട്ടിടത്തിൽ നിന്നും താഴേയ്ക്ക് വീഴുന്നതുപോലെയാണ്. അസ്ഥികൾ പൊടിഞ്ഞുപോകും. ഗീതയിലും ഉണ്ട് ഭഗവാനുവാചാ- കാമം മഹാശത്രുവാണ്. ഭാരതത്തിന്റെ വാസ്തവത്തിലുള്ള ധർമ്മശാസ്ത്രം ഗീതയാണ്. ഓരോ ധർമ്മത്തിനും ഓരോ ശാസ്ത്രങ്ങളുണ്ടാകും. ഭാരതവാസികൾക്കാണെങ്കിൽ അനേകം ശാസ്ത്രങ്ങളുണ്ട്. അതിനെയാണ് ഭക്തി എന്നു പറയുന്നത്. പുതിയ ലോകം സതോപ്രധാനമായ സ്വർണ്ണിമയുഗമാണ്, അവിടെ വഴക്കോ ബഹളമോ ഒന്നും ഉണ്ടായിരുന്നില്ല. ആയുസ്സ് കൂടുതലായിരുന്നു, സദാ ആരോഗ്യവാന്മാരും സമ്പന്നരുമായിരുന്നു. നിങ്ങൾക്ക് സ്മൃതി ഉണരുന്നു നമ്മൾ ദേവതകൾ വളരെ സുഖികളായിരുന്നു. അവിടെ അകാലമൃത്യു ഉണ്ടാകില്ല. കാലനെ പേടിയുണ്ടാകില്ല. അവിടെ ആരോഗ്യം, സമ്പത്ത്, സന്തോഷം എല്ലാമുണ്ടാകും. നരകത്തിൽ സന്തോഷം ഉണ്ടാകില്ല. ഏതെങ്കിലുമൊക്കെ അസുഖങ്ങൾ ശരീരത്തെ ബാധിച്ചുകൊണ്ടിരിക്കും. ഇത് അപാരമായ ദുഃഖത്തിന്റെ ലോകമാണ്. അത് അപാരമായ സുഖത്തിന്റെ ലോകമാണ്. പരിധിയില്ലാത്ത ബാബ ദുഃഖത്തിന്റെ ലോകം രചിക്കുകയേയില്ല. ബാബ സുഖത്തിന്റെ ലോകമാണ് രചിച്ചത്. പിന്നീട് രാവണരാജ്യം വന്നപ്പോൾ രാവണനിൽ നിന്നും ദുഃഖവും അശാന്തിയും ലഭിച്ചു. സത്യയുഗം സുഖധാമമാണ്, കലിയുഗം ദുഃഖധാമവും. വികാരത്തിലേയ്ക്ക് പോയി അർത്ഥം പരസ്പരം കാമകഠാരി ഉപയോഗിച്ചു. മനുഷ്യർ പറയും ഇതും ഭഗവാന്റെ രചന തന്നെയല്ലേ എന്ന്. പക്ഷേ അല്ല, ഇത് ഭഗവാന്റെ രചനയല്ല, രാവണന്റെ രചനയാണ്. ഭഗവാൻ രചിച്ചത് സ്വർഗ്ഗമാണ്. അവിടെ കാമകഠാരി ഉണ്ടായിരിക്കില്ല. സുഖവും ദുഃഖവും ഭഗവാനാണ് നൽകുന്നത്, ഇങ്ങനെയല്ല. ഭഗവാൻ പരിധിയില്ലാത്ത അച്ഛൻ

കുട്ടികൾക്ക് എങ്ങനെ ദുഃഖം നൽകും. ബാബ പറയുന്നു ഞാൻ സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നു പിന്നീട് അരകല്പത്തിനുശേഷം രാവണൻ ശപിക്കുന്നു. സത്യയുഗത്തിൽ അളവില്ലാത്ത സുഖമുണ്ടായിരുന്നു, സമൃദ്ധമായിരുന്നു. ഒരു സോമനാഥ ക്ഷേത്രത്തിൽ തന്നെ എത്ര വജ്രങ്ങളും ആഭരണങ്ങളും ഉണ്ടായിരുന്നു. ഭാരതം എത്ര സമ്പന്നമായിരുന്നു. ഇപ്പോഴാണെങ്കിൽ പാപ്പരാണ്. സത്യയുഗത്തിൽ 100 ശതമാനം സമ്പന്നം, കലിയുഗത്തിൽ 100 ശതമാനം ദാരിദ്ര്യം– ഈ കളി ഉണ്ടാക്കപ്പെട്ടതാണ്. ഇപ്പോൾ കലിയുഗമാണ്, അഴുക്ക് പിടിച്ച് പിടിച്ച് തീർത്തും തമോപ്രധാനമായിരിക്കുന്നു. എത്ര ദുഃഖമാണ്. ഈ വിമാനങ്ങൾ മുതലായവയും 100 വർഷങ്ങൾക്കുള്ളിൽ നിർമ്മിച്ചതാണ്. ഇതിനെയാണ് മായയുടെ ആഡംബരം എന്ന് പറയുന്നത്. പക്ഷേ മനുഷ്യർ കരുതുന്നത് സയൻസ് സ്വർഗ്ഗം നിർമ്മിച്ചു എന്നാണ്. പക്ഷേ ഇത് രാവണന്റെ സ്വർഗ്ഗമാണ്. കലിയുഗത്തിലെ മായയുടെ ആകർഷണങ്ങൾ കണ്ടിട്ട് നിങ്ങളുടെ അടുത്തേയ്ക്ക് വളരെ കുറച്ചുപേരാണ് വരുന്നത്. ഞങ്ങളുടെ കൈയ്യിൽ കൊട്ടാരവും മോട്ടർ വാഹനങ്ങളും എല്ലാം ഉണ്ടല്ലോ എന്ന് കരുതുന്നു. ബാബ പറയുന്നു എപ്പോഴാണോ ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ സത്യയുഗത്തേയാണ് സ്വർഗ്ഗം എന്ന് വിളിച്ചിരുന്നത്. ഇപ്പോൾ ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടോ. ഇപ്പോൾ കലിയുഗത്തിനുശേഷം വീണ്ടും ഇവരുടെ രാജ്യം വരും. ആദ്യം ഭാരതം വളരെ ചെറുതായിരുന്നു. പുതിയ ലോകത്തിൽ 9 ലക്ഷം ദേവതകളാണ് ഉണ്ടാവുക. അത്രയേയുള്ളു. പിന്നീട് വൃദ്ധി പ്രാപിക്കും. മുഴുവൻ സൃഷ്ടിയും വൃദ്ധി പ്രാപിക്കുന്നില്ലേ. ആദ്യമാദ്യം ദേവീ ദേവതകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതിനാൽ പരിധിയില്ലാത്ത ബാബ ഇരുന്ന് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും കേൾപ്പിക്കുകയാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും പറഞ്ഞുതരാൻ സാധിക്കില്ല. ബാബയെ നോളേജ്ഫുൾ ഗോഡ് ഫാദർ എന്നാണ് വിളിക്കുന്നത്. മുഴുവൻ ആത്മാക്കളുടേയും ഫാദറാണ്. ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ് പിന്നീടാണ് സഹോദരനും സഹോദരിയുമാവുന്നത്. നിങ്ങൾ എല്ലാവരും ഒരു പ്രജാപിതാ ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട കുട്ടികളാണ്. മുഴുവൻ ആത്മാക്കളും ബാബയുടെ സന്താനങ്ങൾ തന്നെയാണ്. ബാബയെ പരമപിതാവ് എന്നാണ് വിളിക്കുന്നത്, ബാബയുടെ പേര് ശിവൻ എന്നാണ്. അത്രയേയുള്ളു. ബാബ മനസ്സിലാക്കിത്തരുന്നു– എന്റെ ഒരേയൊരു പേര് ശിവൻ എന്നാണ്. പിന്നീട് ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ അനേകം ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നു അതിനാൽ അനേകം പേരുകളും നൽകി. ഭക്തിയ്ക്ക് എത്ര അധികം സാമഗ്രികളാണ്. അതിനെ പഠിപ്പ് എന്ന് പറയില്ല. അതിൽ പ്രധാന ലക്ഷ്യമൊന്നുമില്ല. അത് താഴേയ്ക്ക് ഇറങ്ങുന്നതിനുള്ളത് തന്നെയാണ്. താഴേയ്ക്ക് വീണ് വീണ് തമോപ്രധാനമായി മാറുന്നു പിന്നീട് എല്ലാവർക്കും സതോപ്രധാനമായി മാറണം. നിങ്ങൾ സതോപ്രധാനമായി മാറി സ്വർഗ്ഗത്തിലേയ്ക്ക് വരും, ബാക്കി എല്ലാവരും സതോപ്രധാനമായി മാറി ശാന്തിധാമത്തിൽ വസിക്കും. ഇത് വളരെ നല്ലരീതിയിൽ ഓർമ്മ വെയ്ക്കണം. ബാബ പറയുന്നു നിങ്ങൾ എന്നെ വിളിച്ചിരുന്നു– ബാബാ, ഞങ്ങൾ പതിതരെ വന്ന് പാവനമാക്കൂ എന്ന് പറഞ്ഞ് അതിനാൽ ഇപ്പോൾ ഞാൻ മുഴുവൻ ലോകത്തേയും പാവനമാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ഗംഗാസ്നാനം ചെയ്യുന്നതിലൂടെ പാവനമായി മാറും എന്നാണ് മനുഷ്യർ കരുതുന്നത്. ഗംഗയാണ് പതിത പാവനീ എന്ന് കരുതുന്നു. കിണറ്റിൽ നിന്ന് വെള്ളം വന്നാലും അതിനെയും ഗംഗാജലമാണെന്ന് കരുതി സ്നാനം ചെയ്യുന്നു. ഗുപ്തമായ ഗംഗയാണെന്ന് കരുതുന്നു. തീർത്ഥയാത്രയ്ക്ക് അല്ലെങ്കിൽ ഏതെങ്കിലും പർവ്വതത്തിനു മുകളിലേയ്ക്ക് പോകും എന്നിട്ട് അതിനെയും ഗുപ്ത ഗംഗയാണെന്ന് പറയും. ഇതിനെയാണ് അസത്യം എന്നു പറയുന്നത്. ഈശ്വരൻ സത്യമാണ് എന്ന് പറയുന്നു. ബാക്കി രാവണരാജ്യത്തിൽ എല്ലാവരും അസത്യം പറയുന്നവരാണ്. ഈശ്വരീയ പിതാവാണ് സത്യഖണ്ഡം സ്ഥാപിക്കുന്നത്. അവിടെ അസത്യത്തിന്റെ കാര്യമേയില്ല. ദേവതകൾക്ക് നിവേദ്യവും ശുദ്ധമായതാണ് സമർപ്പിക്കുക. ഇപ്പോഴുള്ളത് ആസുരീയ രാജ്യമാണ്, സത്യ ത്രേതായുഗങ്ങളിൽ ഈശ്വരീയ രാജ്യമാണ്. അതാണ് ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഈശ്വരൻ തന്നെയാണ് വന്ന് എല്ലാവരേയും പാവനമാക്കി മാറ്റുന്നത്. ദേവതകളിൽ ഒരു വികാരവും ഉണ്ടായിരിക്കില്ല. എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും പവിത്രമായിരിക്കും. ഇവിടെ എല്ലാവരും പാപികളും കാമികളും ക്രോധികളുമാണ്. പുതിയ ലോകത്തെ സ്വർഗ്ഗം എന്നും ഇതിനെ നരകം എന്നുമാണ് വിളിക്കുന്നത്. നരകത്തെ സ്വർഗ്ഗമാക്കി മാറ്റാൻ ബാബയ്ക്കല്ലാതെ മറ്റാർക്കും സാധിക്കില്ല. ഇവിടെ എല്ലാവരും നരകവാസികളും പതിതരുമാണ്. സത്യയുഗത്തിൽ പാവനമായിരിക്കും. ഞങ്ങൾ പതിതത്തിൽ നിന്നും പാവനമായി മാറാൻ സ്നാനം ചെയ്യാൻ പോവുകയാണ് എന്ന് അവിടെ പറയില്ല.

ഇത് വൈവിദ്ധ്യമാർന്ന മനുഷ്യ സൃഷ്ടിയുടെ വൃക്ഷമാണ്. ബീജരൂപം ഭഗവാനാണ്. ഭഗവാൻ തന്നെയാണ് സൃഷ്ടി രചിക്കുന്നത്. ആദ്യമാദ്യം രചിക്കുന്നത് ദേവീ ദേവതകളെയാണ്. പിന്നീട് വൃദ്ധി പ്രാപിച്ച് പ്രാപിച്ച് ഇത്രയും ധർമ്മങ്ങളുണ്ടാകുന്നു. ആദ്യം ഒരു ധർമ്മം, ഒരു രാജ്യമായിരുന്നു. സുഖം തന്നെ സുഖമായിരുന്നു. വിശ്വത്തിൽ ശാന്തിയുണ്ടാകണം എന്ന് മനുഷ്യർ ആഗ്രഹിക്കുന്നുണ്ട്. ശാന്തി നിങ്ങൾ ഇപ്പോൾ സ്ഥാപിക്കുകയാണ്. ബാക്കിയെല്ലാം നശിച്ചുപോകും. ബാക്കി അൽപ്പം അവശേഷിക്കും. ഈ ചക്രം കറ

ങ്ങിക്കൊണ്ടേയിരിക്കും. ഇപ്പോൾ കലിയുഗ അന്ത്യത്തിനും സത്യയുഗ ആരംഭത്തിനും ഇടയിലെ പുരുഷോത്തമ സംഗമയുഗമാണ്. ഇതിനെ കല്യാണകാരി പുരുഷോത്തമ സംഗമയുഗം എന്നാണ് വിളിക്കുന്നത്. കലിയുഗത്തിനുശേഷം സത്യയുഗത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്. നിങ്ങൾ സംഗമത്തിൽ പഠിക്കുകയാണ് ഇതിന്റെ ഫലം സത്യയുഗത്തിൽ ലഭിക്കും. ഇവിടെ എത്രത്തോളം പവിത്രമായി മാറുന്നുവോ, പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. ഇങ്ങനെയുള്ള പഠിപ്പ് എവിടെയും ഉണ്ടാകില്ല. നിങ്ങൾക്ക് ഈ പഠിപ്പിന്റെ സുഖം പുതിയ ലോകത്തിൽ ലഭിക്കും. അഥവാ ഏതെങ്കിലും ഭൂതം ഉണ്ടെങ്കിൽ ഒന്നാമത് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും, രണ്ടാമത് അവിടെ പദവി കുറഞ്ഞുപോകും. ആരാണോ സമ്പൂർണ്ണമായി മാറി മറ്റുള്ളവരേയും പഠിപ്പിക്കുന്നത് അവർ ഉയർന്ന പദവി നേടും. എത്ര സെന്ററുകളാണ്, ലക്ഷക്കണക്കിന് സെന്ററുകളുണ്ടാകും. മുഴുവൻ വിശ്വത്തിലും സെന്ററുകൾ തുറക്കും. പാപാത്മാവിൽ നിന്നും പുണ്യാത്മാവായി മാറുകതന്നെ വേണം. നിങ്ങൾക്ക് ലക്ഷ്യവുമുണ്ട്. പഠിപ്പിക്കുന്നത് ഒരേയൊരു ശിവബാബയാണ്. ബാബയാണ് ജ്ഞാനത്തിന്റെ സാഗരം, സുഖത്തിന്റെ സാഗരം. ബാബ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. ബ്രഹ്മാവല്ല പഠിപ്പിക്കുന്നത്, ഇവരിലൂടെ ശിവബാബയാണ് പഠിപ്പിക്കുന്നത്. ഭഗവാന്റെ രഥം, ഭാഗ്യശാലീ രഥം എന്നാണ് ഇവരെക്കുറിച്ച് മഹിമ പാടുന്നത്. നിങ്ങളെ എത്ര കോടാനുകോടി ഭാഗ്യശാലിയാക്കി മാറ്റുന്നു. നിങ്ങളെ വളരെ വലിയ ധനികനാക്കി മാറ്റുന്നു. നിങ്ങൾ വലിയ ധനികനായി മാറുന്നു. ഒരിയ്ക്കലും അസുഖം വരില്ല. ആരോഗ്യവും സമ്പത്തും സന്തോഷവും എല്ലാം ലഭിക്കും. ഇവിടെ ധനമുണ്ടാകും പക്ഷേ അസുഖം ബാധിച്ചിരിക്കും. അവർക്ക് സന്തോഷമായിരിക്കാൻ സാധിക്കില്ല. എന്തെങ്കിലും ദുഃഖം ഉണ്ടായിരിക്കും. എന്നാൽ അതിന്റെ പേരുതന്നെ സുഖധാമം, സ്വർഗ്ഗം, പാരഡൈസ് എന്നാണ്. ഈ ലക്ഷ്മീ നാരായണന്മാർക്ക് ഈ രാജ്യം ആരാണ് നൽകിയത്? ഇത് ആർക്കും അറിയില്ല. ഇവർ ഭാരതത്തിലാണ് വസിച്ചത്. വിശ്വത്തിന്റെ അധികാരികളായിരുന്നു. ഒരു വിഭജനവും ഉണ്ടായിരുന്നില്ല. ഇപ്പോൾ എത്ര ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. രാവണ രാജ്യമാണ്. എത്ര കഷ്ണങ്ങളാക്കിയിരിക്കുന്നു. വഴക്കടിച്ചുകൊണ്ടിരിക്കുന്നു. അവിടെ മുഴുവൻ വിശ്വത്തിലുമായി ഈ ദേവീദേവതകളുടെ രാജ്യമായിരുന്നു. അവിടെ മന്ത്രിയൊന്നും ഉണ്ടാവില്ല. ഇവിടെ നോക്കൂ എത്ര മന്ത്രിമാരാണ് കാരണം ബുദ്ധിയില്ലാത്തവരാണ്. അതിനാൽ മന്ത്രിയും അതുപോലെ തമോപ്രധാനവും പതിതവുമാണ്. പതിതമായവർക്ക് പതിതമായവരെ ലഭിച്ചു, എല്ലാറ്റിലും അഴിമതിയായി... .പാപ്പരായിപ്പോകുന്നു, കടം വാങ്ങുന്നു. സത്യയുഗത്തിൽ ധാന്യങ്ങളും ഫലങ്ങളും വളരെ സ്വാദിഷ്ടമായിരിക്കും. നിങ്ങൾ അവിടെ ചെന്ന് എല്ലാം അനുഭവിച്ചിട്ട് വരുന്നു. സൂക്ഷ്മവതനത്തിലേയ്ക്കും പോകുന്നു സ്വർഗ്ഗത്തിലേയ്ക്കും പോകുന്നു. സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് ബാബ പറയുന്നു. ആദ്യം ഭാരതത്തിൽ ഒരേയൊരു ദേവീ ദേവതാ ധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടാമത് ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. പിന്നീട് ദ്വാപരത്തിൽ രാവണരാജ്യം ആരംഭിക്കുന്നു. ഇപ്പോൾ വികാരീ ലോകമാണ് പിന്നീട് നിങ്ങൾ പവിത്രമായി മാറി നിർവ്വികാരി ദേവതയായി മാറും. ഇത് സ്ക്കൂളാണ്. ഭഗവാന്റെ വാക്കുകളാണ് ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. നിങ്ങൾ ഭാവിയിൽ ഇതായി മാറും. രാജധാനിയിലേയ്ക്കുള്ള പഠിപ്പ് വേറെ എവിടെയും ലഭിക്കില്ല. ബാബ തന്നെയാണ് പഠിപ്പിച്ച് പുതിയ ലോകത്തിലെ രാജധാനി നൽകുന്നത്. സുപ്രീം ഫാദറും, ടീച്ചറും, സദ്ഗുരുവും ഒരേയൊരു ശിവബാബയാണ്. അച്ഛനാകുമ്പോൾ തീർച്ചയായും സമ്പത്ത് ലഭിക്കണം. ഭഗവാൻ തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്തായിരിക്കും നൽകുക. വർഷാ വർഷം കത്തിക്കുന്ന രാവണനാണ് ഭാരതത്തിന്റെ നമ്പർവൺ ശത്രു. രാവണൻ എങ്ങനെയുള്ള അസുരന്മാരാക്കി മാറ്റി. അവരുടെ രാജ്യം 2500 വർഷം നടക്കും. നിങ്ങളോട് ബാബ പറയുന്നു ഞാൻ നിങ്ങളെ സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റുന്നു. രാവണൻ നിങ്ങളെ ദുഃഖധാമത്തിലേയ്ക്ക് കൊണ്ടുവരുന്നു. നിങ്ങളുടെ ആയുസ്സും കുറയുന്നു. പെട്ടെന്ന് അകാലമൃത്യു സംഭവിക്കുന്നു. അനേകം അസുഖങ്ങൾ ഉണ്ടാകുന്നു. അവിടെ ഇങ്ങനെയുള്ള ഒരു കാര്യവുമുണ്ടാകില്ല. പേരുതന്നെ സ്വർഗ്ഗം എന്നാണ്. ഇപ്പോൾ സ്വയം ഹിന്ദുവാണെന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ പതിതമാണ്. അതിനാൽ ദേവത എന്നു വിളിക്കാൻ യോഗ്യരല്ല. ബാബ ഈ രഥത്തിൽ ഇരുന്ന് മനസ്സിലാക്കിത്തരുന്നു, ബ്രഹ്മാവിന്റെ വലതുവശത്ത് വന്ന് ഇരിക്കുകയാണ് നിങ്ങളെ പഠിപ്പിക്കാനായി. അതിനാൽ ഇവരും പഠിക്കുന്നു. നമ്മൾ എല്ലാവരും വിദ്യാർത്ഥികളാണ്. ഒരേയൊരു ബാബയാണ് ടീച്ചർ. ഇപ്പോൾ ബാബ പഠിപ്പിക്കുകയാണ്. ഇനി വീണ്ടും 5000 വർഷങ്ങൾക്കുശേഷം വന്ന് പഠിപ്പിക്കും. ഈ ജ്ഞാനം അഥവാ പഠിപ്പ് പിന്നീട് ഇല്ലാതാകും. പഠിച്ച് നിങ്ങൾ ദേവതയായി, 2500 വർഷം സുഖത്തിന്റെ സമ്പത്ത് എടുത്തു പിന്നീടാണ് ദുഃഖം, രാവണന്റെ ശാപം. ഇപ്പോൾ ഭാരതം വളരെ ദുഃഖിയാണ്. ഇത് ദുഃഖധാമമാണ്. വിളിക്കുന്നുമുണ്ടല്ലോ– പതിതപാവനാ വരൂ, വന്ന് പാവനമാക്കി മാറ്റൂ. ഇപ്പോൾ നിങ്ങളിൽ ഒരു വികാരവും ഉണ്ടായിരിക്കരുത് പക്ഷേ അരകല്പത്തിലെ അസുഖം അത്രപെട്ടെന്ന് വിട്ടുമാറില്ലല്ലോ. ആ പഠിപ്പിലും ആരാണോ നല്ലരീതിയിൽ പഠിക്കാത്തത് അവർ തോറ്റുപോകും. ആരാണോ പദവിയോടെ പാസാകുന്നത് അവർ സ്കോളർഷിപ്പ് നേടും. നിങ്ങളിലും ആരാണോ നല്ലരീതിയിൽ പവിത്രമായി മാറി മറ്റുള്ളവരേയും ആക്കി മാറ്റുന്നത് അവർ ഈ സമ്മാനം നേടും. 8 ന്റെ മാലയുണ്ടാകും. അവ

രാണ് പദവിയോടെ പാസാകുന്നത്. പിന്നീട് 108 ന്റെ മാലയും ഉണ്ടാകും, ഈ മാലയും ഓർമ്മിക്കപ്പെടും. മനുഷ്യർ ഇതിന്റെ രഹസ്യം അല്പമെങ്കിലും മനസ്സിലാക്കുന്നുണ്ടോ. മാലയിൽ മുകളിലുള്ളത് പുഷ്പ മാണ് പിന്നീട് രണ്ടുമുത്തുക്കൾ മേരുവാണ്. സ്ത്രീയും പുരുഷനും രണ്ടുകൂട്ടരും പവിത്രമായി മാറുന്നു. ഇവർ പവിത്രമായിരുന്നല്ലോ. സ്വർഗ്ഗവാസി എന്നാണ് വിളിച്ചിരുന്നത്. ഇതേ ആത്മാവ് പിന്നീട് പുനർജന്മ ങ്ങൾ എടുത്ത് എടുത്ത് ഇപ്പോൾ പതിതമായി മാറി. വീണ്ടും ഇവിടെ നിന്നും പവിത്രമായി മാറി പാവന മായ ലോകത്തിലേയ്ക്ക് പോകും. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കപ്പെടുമല്ലോ. വികാരികളായ രാജാക്കന്മാർ നിർവ്വികാരികളായ രാജാക്കന്മാരുടെ ക്ഷേത്രങ്ങൾ നിർമ്മിച്ച് അവരെ പൂജി ക്കും. അവർ തന്നെയാണ് പിന്നീട് പൂജ്യരിൽ നിന്നും പൂജാരിയായി മാറുന്നത്. വികാരിയായി മാറിയാൽ പിന്നെ പ്രകാശത്തിന്റെ കിരീടം ഉണ്ടാകില്ല. ഈ കളി ഉണ്ടാക്കിയതാണ്. ഇതാണ് പരിധിയില്ലാത്ത അത്ഭു തകരമായ നാടകം. ആദ്യം ഒരു ധർമ്മമേയുണ്ടാകൂ, അതിനെയാണ് രാമരാജ്യം എന്നു പറയുന്നത് പിന്നീ ട് മറ്റു ധർമ്മങ്ങൾ വരും. ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നത് ഒരേയൊരു ബാബയ്ക്ക് മാത്രമേ പറഞ്ഞുതരാൻ സാധിക്കൂ. ഭഗവാൻ ഒന്നേയുള്ളു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) സ്വയം ഭഗവാൻ ടീച്ചറായി മാറി പഠിപ്പിക്കുകയാണ് അതിനാൽ നല്ലരീതിയിൽ പഠിക്കണം. സ്കോളർഷിപ്പ് നേടുന്നതിനായി പവിത്രമായി മാറി മറ്റുള്ളവരേയും പവിത്രമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം.

2) ഉള്ളിൽ കാമം, ക്രോധം മുതലായ ഏതെല്ലാം ഭൂതങ്ങൾ പ്രവേശിച്ചിട്ടുണ്ടോ അതിനെയെല്ലാം പുറത്തു കളയണം. ലക്ഷ്യത്തെ മുന്നിൽ വെച്ച് പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- മായയുടെ തണലിൽ നിന്ന് പുറത്ത് വന്ന് ഓർമ്മയുടെ കുടത്തണലിൽ കഴിയുന്നവരായ ചിന്തയില്ലാത്ത ചക്രവർത്തിയായി ഭവിക്കട്ടെ.

ആര് സദാ ബാബയുടെ കുടത്തണലിൽ കഴിയുന്നുവോ അവർ സ്വയത്തെ സദാ സുരക്ഷിതരായി അനുഭവം ചെയ്യുന്നു. മായയുടെ തണലിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗമാണ് ബാബയുടെ ഛത്രഛായ. ഛത്രഛായയിലിരിക്കുന്നവർ സദാ ചിന്തയില്ലാത്ത ചക്രവർത്തിയായിരിക്കും. അഥവാ എന്തെങ്കിലും ചിന്തയുണ്ടെങ്കിൽ സന്തോഷം അപ്രത്യക്ഷമാകും. സന്തോഷം നഷ്ടപ്പെട്ടു, ദുർബ്ബലരായി എങ്കിൽ മായയുടെ കുടക്കീഴിൽ പെട്ടുപോകുന്നു, എന്തുകൊണ്ടെന്നാൽ ദുർബ്ബലത തന്നെയാണ് മായയെ ആഹ്വാനം ചെയ്യുന്നത്. മായയുടെ നിഴൽ സ്വപ്നത്തിൽ പോലും പെട്ടാൽ വളരെ പരവശപ്പെടുത്തും. അതിനാൽ സദാ ഛത്രഛായക്ക് കീഴിൽ കഴിയൂ.

## സ്ലോഗൻ:- വിവേകത്തിന്റെ സ്ക്രൂ ഡ്രൈവർ കൊണ്ട് അശ്രദ്ധയാകുന്ന ലൂസ് സ്ക്രൂവിനെ ടൈറ്റാക്കി സദാ ജാഗ്രതയോടെയിരിക്കണം.